ജനറൽ കൺവീനറും ജി. ഗിരിജാമ്മ ട്രഷററുമായി വികസന സമിതി രൂപീകരിച്ചു.

## ജാഗ്രതാ ജാഥ നടത്തി

കോഴിക്കോട്: മാവോയിസ്റ്റ് ബന്ധം ആരോപിച്ച് ജയിലിലടക്കപ്പെട്ട ബിനായക് സെൻ, രാഷ്ട്രീയ പ്രേരിത നിയമ നടപടി നേരിടുന്ന മനുഷ്യാവകാശ പ്രവർത്തക ടീസ്റ്റ സെതിൽവാദ്, മഅ്ദനി ബന്ധം ആരോപിച്ച് പ്രതിചേർക്കപ്പെട്ട മാധ്യമ പ്രവർത്തക ഷാഹിന എന്നിവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മതേതര സമാജം പൗരാവകാശ പ്രവർത്തകർ ജാഗ്രതാ ജാഥ നടത്തി.

ചിന്താവളപ്പിൽ നിന്ന് ആരംഭിച്ച ജാഥ സെൻട്രൽ ലൈബ്രറി പരിസരത്ത് സമാപിച്ചു. ഡോ.എം.എൻ കാരശ്ശേരി ഉദ്ഘാടനം ചെയ്തു. കെ.അജിത, അഡ്വ.മഞ്ചേരി സുന്ദർരാജ്, അഡ്വ.ആനന്ദകനകം, കെ.പി രാജശേഖരൻ, രാഘവൻ അത്തോളി, പ്രദീപൻ കുതിരോട്,എ.ശേഖർ സംസാരിച്ചു.




*അന്യായമായി പ്രതിചേർക്കപ്പെട്ട സാമൂഹിക പ്രവർത്തകരെ കുറ്റമുക്തരാക്കണമെന്നാവശ്യപ്പെട്ട് പൗരാവകാശ ജാഗ്രതാ സമിതി നടത്തിയ ജാഥ*

CHNDRIKA DAILY

January 18 - 2011